(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ഇടുക്കി , തൊടുപുഴ
തീയതി: 07.01.2017

നം.കെ.എസ്.എ.ഐഡി.കെ 10/1710/2016

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

കോടിക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോടിക്കുളം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 മുതൽ 2-4 വരെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-9 വരെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ഐ.ഡി.കെ /10/1710/2016
തീയതി:07.01.2017

## ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13.6.2016 ൽ 21.12.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എസ്.മുരളീദാസ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.12.2016 മുതൽ 29.12.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ബേബി സനുജ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |

| | | |
|---|---|---|
| | ശ്രീ.എം.എസ്.രാജീവ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഇ.വി.ജിബി | സീ.ഗ്രേ.ഓഡിറ്റർ |
| | ശ്രീ.അഭിലാഷ്.എം.കെ | സീ.ഗ്രേ.ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | | ശ്രീ.പി.ബി.അരീഷ് കുമാർ | 1.4.2015 മുതൽ 31.10.2015 വരെ |
| | | ഭരണ നിർവ്വഹണ സമിതി | 1.11.2015 മുതൽ 18.11.2015 വരെ |
| | | ശ്രീമതി.ഷേർളി ആന്റണി | 19.11.2015 മുതൽ 31.3.2016 വരെ |
| സെക്രട്ടറി | | ശ്രീ.ജോസഫ് സെബാസ്റ്റ്യൻ | 1.4.2015മുതൽ 31.3.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| അസി.എഞ്ചിനീയർ | | ശ്രീമതി.ശ്രീകല.എം.ചന്ദ്രൻ | 1.4.2015 മുതൽ 31.3.2016വരെ |
| വെറ്ററിനറി സർജൻ | | ഡോ.കെ.കെ.ഷാജി | 1.4.2015 മുതൽ 31.3.2016വരെ |
| കൃഷി ഓഫീസർ | | ശ്രീ.യു.എം.അനിൽ കുമാർ | 1.4.2015 മുതൽ 31.3.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | ശ്രീമതി. മറിയാമ്മ തോമസ് | 1.4.2015 മുതൽ 14.5.2015 വരെ |
| | | ശ്രീമതി.ശോഭന കുമാരി | 15.5.2015മുതൽ 31.12.2015 വരെ |
| | | ശ്രീമതി. പി.എൻ.തങ്കമണി | 1.1.2016 മുതൽ 31.3.2016 വരെ |
| വി.ഇ.ഓ | | ശ്രീ.പി.ജെ.അജീഷ് കുമാർ | 1.4.2015 മുതൽ 3.3.2016 വരെ |
| | | ശ്രീമതി. ബിന്ദു.കെ.എൽ | 4.3.2016 മുതൽ 31.3.2016 വരെ |
| ഹെഡ് മാസ്റ്റർ | | ശ്രീ.വി.പി.പുരുഷോത്തമൻ | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ | ആരോഗ്യം | ഡോ. വിജീഷ വിജയൻ | 1.4.2015 മുതൽ 31.3.2016 വരെ |

| | | | |
|---|---|---|---|
| | ആയുർവേദം | ഡോ.ജോസഫ് തോമസ് | 1.4.2015 മുതൽ 31.3.2016 വരെ |
| | ഹോമിയോ | ഡോ.രാജീവ് എബ്രഹാം | 1.4.2015 മുതൽ 16.6.2015 വരെ |
| | | ഡോ. ശ്രീരാജ് പ്രഭു | 17.6.2015മുതൽ 19.8.2015 വരെ |
| | | ഡോ.മായാദേവി | 20.8.2015 മുതൽ 19.10.2015 വരെ &<br>1.12.2015 മുതൽ 31.3.2016 വരെ |
| | | ഡോ.രമ്യ | 20.10.2015 മുതൽ 31.11.2015 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |

| | | |
|---|---|---|
| 12 | വാർഷിക കണക്കിലെ അപാകത | 1-12 |
| | ഭാഗം 2 | |
| 13 | ഡി&ഒ ലൈസൻസ് ഫീസ്- ഈടാക്കിയതിൽ കുറവ് | 2-1 |
| 14 | മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചിട്ടില്ല | 2-2 |
| 15 | വസ്തുനികുതിയിനത്തിൽ വൻ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു | 2-3 |
| 16 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മുറികളിൽ നിന്നും വാടക പിരിക്കുന്നില്ല | 2-4 |
| | ഭാഗം 3 | |
| 17 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- നിർവ്വഹിക്കാത്ത പ്രവൃത്തിക്ക് പണം നല്കിയിരിക്കുന്നു | 3-1 |
| 18 | എസ്.ടി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നല്കിയത്- സബ്സിഡിതുക അധികമായി നല്കിയത് | 3-2 |
| 19 | പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങിയതിൽ അപാകത | 3-3 |
| 20 | എസ്.എസ്.എ. വിഹിതം ഒടുക്കിയത് - വിനിയോഗവിവരം ലഭ്യമാക്കിയില്ല | 3-4 |
| 21 | സർക്കാർ നിബന്ധന പാലിക്കാതെ പി.എച്ച്.സിക്ക് മരുന്ന് വാങ്ങിയത് | 3-5 |
| 22 | മീഡിയാശ്രീക്ക് തുക നല്കിയത് - പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 3-6 |
| 23 | വെള്ളക്കരം അധിക തുക ഒടുക്കിയത് | 3-7 |
| 24 | ഔദ്യോഗിക കൈപ്പറ്റ് രസീത് ലഭ്യമാക്കാത്തത് | 3-8 |
| 25 | പഞ്ചായത്ത് വക കളിസ്ഥലം അനധികൃതമായി കൈയ്യേറിയിരിക്കുന്നു | 3-9 |
| | ഭാഗം 4 | |
| 26 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിന് നല്കിയത് | 4-2 |

| | | |
|---|---|---|
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 |
| 29 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 30.3.2015 തീയതിയിലെ 1 തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 1.3.2016 ലെ 4 തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 01.06.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം -1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9879940 |
| വരവ് | 18596117 |
| ആകെ | 28476057 |
| ചെലവ് | 23526214 |

| | |
|---|---|
| നീക്കിയിരിപ്പ് | 4949843 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 1406997 (മുൻവർഷങ്ങളിൽ സംയുക്ത പദ്ധതികൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച് ചെലവാകാതെ അവശേഷിക്കുന്ന ₹936/- ഉൾപ്പെടെ) | 6905595 | 8312592 | 5241848 | 63.06 |
| | എസ്.സി.പി. | 1473794 (മുൻവർഷങ്ങളിൽ സംയുക്ത പദ്ധതികൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച് ചെലവാകാതെ അവശേഷിക്കുന്ന ₹ 825000/- ഉൾപ്പെടെ) | 546206 | 2020000 | 829000 | 41.03 |
| | ടി.എസ്.പി. | 17000 | 500 | 17500 | 8500 | 48.57 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 100 | 3295000 | 3295100 | 3280100 | 99.54 |
| | നോൺറോഡ് | 560496 | 2320000 | 2880496 | 1903246 | 66.07 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 1301178 | 1940173 | 3241351 | 3171998 | 97.86 |
| പെർഫോമൻസ് ഗ്രാന്റ് | | 54212 | 0 | 54212 | 54212 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | | 1194 | 369013 | 370207 | 370096 | 99.97 |
| ബി ഫണ്ട് | | 0 | 10569070 | 10569070 | 10569070 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 119 | 30530746 | 81 | 15607562 | 21 | 17 | 68.06 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം (-)25.90 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2425725 | 1623668 | (-)802057 | (-)49.37 |
| നികുതിയേതര വരവുകൾ | 120023 | 340924 | 220901 | 64.79 |
| മറ്റുവരവുകൾ | 38879 | 88399 | 49520 | 56.02 |
| ആകെ | 2584627 | 2052991 | (-)531636 | 25.90 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 120000 | 78 |
| കർഷകതൊഴിലാളി പെൻഷൻ | 1645350 | 187 |
| വിധവാപെൻഷൻ | 3514960 | 317 |
| വാർദ്ധക്യകാലപെൻഷൻ | 4813050 | 452 |
| വികലാംഗപെൻഷൻ | 1329290 | 105 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.12.2016ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹11691/- ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നില്ല.

സാമ്പത്തിക വർഷാവസാനം സ്റ്റോക്ക് വേരിഫിക്കേഷൻ നടത്തുന്നില്ല. കമ്പ്യൂട്ടറിനും അനുബന്ധ ഉപകരണങ്ങൾക്കുമായി പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8.12.16 & 9.12.16 | 11/16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.6.2014 മുതൽ 23.6.2015 വരെ | 2009-10 മുതൽ 2013-14 വരെ | 16.9.2014 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

കാലികമാക്കിയ 2015-16 വർഷത്തെ അസറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന അസറ്റ് തുകയുടെ കൃത്യത വ്യക്തമല്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് നഷ്ടം-₹600/-

അപാകതകൾ

താഴെ പരാമർശിക്കുന്ന വ്യാപാരികളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്നതായി കാണുന്നു.

| ക്രമ നം | പേര് | വ്യാപാരം | പ്രതിദിന വിറ്റ് വരവ് (₹)/ ഉപയോഗിക്കുന്ന യന്ത്രം | ഈടാക്കിയ ഫീസ് (₹) | ഈടാക്കേണ്ട ഫീസ് (₹) | കുറവ് (₹) |
|---|---|---|---|---|---|---|
| 1 | രജീഷ്. പി തങ്കപ്പൻ | കറി പൗഡർ വ്യാപാരം | 7000 | 100 | 200 | 100 |
| 2 | ജിൻസി ജോസഫ് അടപ്പൂര് | ഐസ്ക്രീം നിർമ്മാണം | 50KW=67.05 HP | 1000 | 500 | 500 |
| ആകെ | | | | | | 600 |

ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ ആകെ ₹600/-യുടെ കുറവ് വന്നിട്ടുണ്ട്. ഈ തുക

ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡി&ഒ ലൈസൻസ് എടുക്കുന്നതിനായി വ്യാപാരികൾ സമർപ്പിക്കുന്ന അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന ദിവസേനയുള്ള ശരാശരി വിറ്റുവരവിന്റെയോ, സ്ഥാപനത്തിൽ ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിര ശക്തിയുടെ അടിസ്ഥാനത്തിലോ ആവണം ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചിരിക്കുന്ന അപേക്ഷകളിൽ പ്രസ്തുത വിവരം സൂചിപ്പിച്ചിട്ടില്ല. പരിശോധനാ ഉദ്യോഗസ്ഥൻ പ്രസ്തുത വിവരം പരാമർശിച്ചിട്ടില്ല. ആയത് പരിശോധിക്കാതെ ലൈസൻസ് ഫീ കണക്കാക്കുന്നത് ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താഴെ പരാമർശിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി തൻവർഷം ഈടാക്കാത്തതായി കാണുന്നു.

| ക്രമ നമ്പർ | മൊബൈൽ കമ്പനി | ടവറിന്റെ അളവ് | പരമാവധി ഈടാക്കാവുന്ന നികുതി (ഡിമാന്റ് തുക ₹) |
|---|---|---|---|
| 1 | ഇൻഡ്യൻ ടെലികോം ഇൻഫ്രാ ലിമിറ്റഡ് (വാർഡ്-IV/131) | 16 M2 | 8000 |
| 2 | റിലയൻസ് മൊബൈൽസ് (വാർഡ്-IV/128) | 12 M2 | 4800 |
| 3 | വോഡഫോൺ ഇൻഡസ് ടവർ ലിമിറ്റഡ് (വാർഡ്-VIII/126) | 15.59 M2 | 6236 |
| 4 | ഐഡിയ ഇൻഡസ് ടവേർസ് ലി. (വാർഡ്-VIII/125) | 40.34 M2 | 16136 |
| 5 | എയർടെൽ ഇൻഡസ് ടവേർസ് ലി. (വാർഡ്-VIII/127) | 23.91 M2 | 9564 |
| 6 | മാനേജർ മൊബൈൽ ടവർ (വാർഡ്-IX/28) | 12 M2 | 4800 |
| 7 | എയർടെൽ ഇൻഡസ് ടവേർസ് ലി. (വാർഡ്-XIII/100) | 16 M2 | 8800 |
| ആകെ | | | 58336 |

പട്ടികയിൽ പരാമർശിക്കുന്ന ടവറുകളുടെ വസ്തു നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3 വസ്തു നികുതിയിനത്തിൽ വൻ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു

വസ്തുനികുതിയിനത്തിൽ മുൻവർഷങ്ങളിലെ കുടിശിക അടക്കം പതിനാറ് ലക്ഷത്തിൽ പരം രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശം താഴെ നൽകുന്നു.

| വാർഡ് | മുൻവർഷങ്ങളിലെ കുടിശിക ₹ | 2015-16 വർഷത്തെ ഡിമാന്റ് ₹ | ആകെ ₹ |
|---|---|---|---|
| 1 | 58845 | 69373 | 128218 |
| 2 | 45560 | 42461 | 88021 |
| 3 | 28879 | 31083 | 59962 |
| 4 | 69491 | 101222 | 170713 |
| 5 | 44700 | 99695 | 144395 |
| 6 | 67390 | 72147 | 139537 |
| 7 | 37039 | 39034 | 76073 |
| 8 | 130331 | 90268 | 220599 |
| 9 | 76437 | 97872 | 174309 |
| 10 | 52247 | 41187 | 93434 |
| 11 | 56843 | 45119 | 101962 |
| 12 | 38046 | 45175 | 83221 |
| 13 | 63141 | 84079 | 147220 |
| ആകെ | 768949 | 858715 | 1627664 |

ഗ്രാമപഞ്ചായത്തിന്റെ മുഖ്യ വരുമാന സ്രോതസ്സ് ആയ വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ അനാസ്ഥ കാണിക്കുന്നത് അനുചിതമാണ്. വസ്തു നികുതി കാലഹരണപ്പെട്ടുപോകാതെ പിരിച്ചെടുത്തില്ലെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## 2-4 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മുറികളിൽ നിന്ന് വാടക പിരിക്കുന്നില്ല

പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ താഴത്തെ നിലയിലുള്ള രണ്ട് മുറികളിൽ അക്ഷയ കേന്ദ്രവും തയ്യൽ പരിശീലന കേന്ദ്രവും പ്രവർത്തിക്കുന്നു. എന്നാൽ ഈ രണ്ട് സ്ഥാപനങ്ങളിൽ നിന്നും വാടക നിശ്ചയിച്ച് ഈടാക്കുന്നില്ല. ഈ സ്ഥാപനങ്ങളുമായി വാടക കരാർ ചമയ്ക്കേണ്ടതും വാടക

ഈടാക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സി.എഫ്.എൽ.സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - നിർവ്വഹിക്കാത്ത പ്രവൃത്തിക്ക് പണം നൽകിയിരിക്കുന്നു

| | |
|---|---|
| പ്രോജക്ട് | S0069/16, സി.എഫ്.എൽ.സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് |
| അടങ്കൽ | ₹90000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നം. | 41/15-16, തീ. 30.03.2016, ₹ 90000/- |

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ സി.എഫ്.എൽ.സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് നടത്തുന്നതിനായുള്ള വാർഷിക അറ്റകുറ്റപ്പണി കരാർ നൽകുന്നതിന് 2014-15 വർഷം S0043/2015 നമ്പർ പദ്ധതി അംഗീകാരം ലഭിക്കുകയും ടെണ്ടർ വിളിച്ച് ശ്രീ. റ്റി.റ്റി. അജേഷ്, തണ്ടേൽ വീട്, പടിഞ്ഞാറേ കോടിക്കുളം എന്നവർക്ക് കരാർ നൽകുകയും ചെയ്തു. തുടർന്ന് 23-10-2014 ൽ സ്ഥാപനവുമായി കരാർ വയ്ക്കുന്നതിന് ₹200/- ന്റെ മുദ്രപ്പത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. തുടർന്ന് പദ്ധതി സ്പിൽ ഓവർ ആയി ഏറ്റെടുക്കുകയും ചെയ്തു. ഒരു വർഷക്കാലത്തേക്ക് പഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ സി.എഫ്.എൽ. സ്ട്രീറ്റ് ലൈറ്റുകളും സമയാസമയം അറ്റകുറ്റപ്പണി നടത്തുന്നതിനായി വാർഷിക അറ്റകുറ്റപ്പണി കരാർ നൽകിയിട്ടും 27-01-2016 ൽ സെക്രട്ടറി കരാറുകാരന് അയച്ച കത്തിൽ, നാളിതുവരെ പഞ്ചായത്തിന്റെ പരിധിയിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ യഥാസമയം മെയിന്റനൻസ് നടത്തിയിട്ടില്ലാത്തതായും സ്ട്രീറ്റ് ലൈറ്റുകൾ പലതും അഴിച്ചുമാറ്റിയിട്ടുള്ളതായും പരാമർശിച്ചിരിക്കുന്നു. 15 ദിവസത്തിനുള്ളിൽ മെയിന്റനൻസ് നടത്തി ബില്ലുകൾ സമർപ്പിക്കുവാൻ കത്തിൽ നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നു. തുടർന്ന് 28.03.2016 ൽ കരാറുകാരൻ വ്യവസ്ഥ പ്രകാരമുള്ള സ്ട്രീറ്റ് ലൈറ്റുകൾ എല്ലാം മെയിന്റനൻസ് നടത്തുകയും അഴിച്ചുമാറ്റിയ ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്തതായി രേഖാമൂലം അറിയിക്കുകയും 30-03-2016 ൽ കരാറുകാരന് പണം നൽകുകയും ചെയ്തിരിക്കുന്നു. സ്ട്രീറ്റ് ലൈറ്റുകൾ മെയിന്റനൻസ് നടത്തിയതായി 28-03-2016, 29-03-2016 തീയതികളിൽ മാത്രമാണ് വാർഡ് മെമ്പർമാർ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

സെക്രട്ടറി നൽകിയ മറുപടിയിൽ സ്ട്രീറ്റ് ലൈറ്റുകൾ അറ്റകുറ്റപ്പണികൾ നടത്തിയിരുന്നു എന്ന് അറിയിച്ചിട്ടുണ്ട്. സെക്രട്ടറി നേരിട്ട് കരാറുകാരന് നൽകിയ കത്തിൽ നാളിതുവരെ പ്രവൃത്തി നടത്തിയിട്ടില്ല എന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ മറുപടി അംഗീകരിക്കുവാൻ കഴിയുന്നതല്ല.

ഒരു വർഷക്കാലം, മുഴുവൻ സമയവും സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനാണ് വാർഷിക അറ്റകുറ്റപ്പണിക്ക് കരാർ നൽകുന്നത്. എന്നാൽ വർഷാവസാനം വരെ യാതൊരു മെയിന്റനൻസും നടത്താതെ 2016 മാർച്ച് മാസം മാത്രം മെയിന്റനൻസ് നടത്തിയ കരാറുകാരന് ആകെ കരാർ മൂല്യത്തിന്റെ ഒരു മാസത്തേക്കുള്ള ആനുപാതിക തുകയ്ക്ക് മാത്രമാണ് അർഹതയുള്ളത് എന്നിരിക്കെ അധികമായി നൽകിയ ₹82500/- യുടെ (90000x11/12) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 എസ്.റ്റി.വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകിയത് - സബ്സിഡി തുക അധികമായി നൽകിയിരിക്കുന്നു

| | |
|---|---|
| പ്രോജക്ട് | S0070/16, എസ്.റ്റി.വിദ്യാർത്ഥികൾക്ക് ഫർണിച്ചർ |
| അടങ്കൽ | ₹17000/- (വികസന ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നം. | 16/5-16, തീ. 28.10.15, ₹ 8500/- |

കോടിക്കുളം ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം നടപ്പാക്കിയ എസ്.റ്റി.വിദ്യാർത്ഥികൾക്ക് ഫർണിച്ചർ എന്ന പദ്ധതി പ്രകാരം അനീഷാ സുധാകരൻ, തകിടിപ്പുറത്ത്, കോടിക്കുളം എന്ന വിദ്യാർത്ഥിക്ക് മേശയും കസേരയും വാങ്ങി നൽകിയതിന് മേൽ സൂചിത ബിൽ പ്രകാരം ₹8500/- ചെലവ് വന്നിരിക്കുന്നു. എന്നാൽ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും (സ്റ്റീൽ/മരം) വാങ്ങി നൽകുന്നതിന് ₹4000/- ധനസഹായം നൽകാവുന്നതാണെന്ന് 16.11.2013 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്.) നം.362/2013/ത.സ്വ.ഭ.വ. അനുബന്ധം 16 ഖണ്ഡിക 6.8(3) ൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഒരു വിദ്യാർത്ഥിക്ക് ₹8500/- യുടെ ഫർണിച്ചർ വാങ്ങി നൽകിയിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി നൽകിയ മറുപടിയിൽ പദ്ധതി പ്രകാരം ഒരു അപേക്ഷകൻ മാത്രമാണ് ഉണ്ടായിരുന്നതെന്നും ടിയാൻ സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്കുന്നതിനാലുമാണ് അധിക തുകയുടെ സബ്സിഡി

നൽകിയിരിക്കുന്നത് എന്ന വിശദീകരണം അംഗീകരിക്കാവുന്നതല്ല. അധികമായി നൽകിയ സബ്സിഡി തുക ₹4500/- ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

## 3-3 പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങിയതിൽ അപാകത

| | |
|---|---|
| പ്രോജക്ട് | S0067/16,<br>പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങൽ |
| അടങ്കൽ | ₹180000/- (വികസന ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നം. | 13/15-16, തീ. 15.10.15, ₹ 179900/- |

കോടിക്കുളം ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങൽ എന്ന പദ്ധതിയിൽ മേൽ സൂചിപ്പിച്ച ബിൽ പ്രകാരം ₹179900/- ചെലവിൽ 7കി.വാട്ട്സ് ഉള്ള ഒരു ജനറേറ്റർ വാങ്ങിയിട്ട് ആയത് ഒരു വർഷത്തിന് ശേഷവും പ്രവർത്തന ക്ഷമമാക്കിയിട്ടില്ല. കൂടാതെ ഇലക്ട്രിക്കൽ പ്രവൃത്തികൾ നടത്തുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത് പൊതുമരാമത്ത് വകുപ്പ് (ഇലക്ട്രിക്കൽ വിഭാഗം) ആണ്. പ്രസ്തുത വകുപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്തിനാവശ്യമായ ജനറേറ്റർ ഏതെന്ന് നിർണ്ണയിക്കുകയോ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

ജനറേറ്റർ സ്ഥാപിക്കുന്നതിന് ആവശ്യമായ വയറിംഗ് സംവിധാനങ്ങൾ പഞ്ചായത്തിൽ നടത്താതെയും ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള പാനൽ ബോർഡ്, ചെയ്ഞ്ചോവർ സ്വിച്ച് തുടങ്ങിയവ വാങ്ങി സ്ഥാപിക്കുന്നതിന് പ്രോജക്ടിൽ തുക വകയിരുത്തുകയോ ചെയ്തിട്ടില്ല. പണം ചെലവഴിക്കുക എന്ന ഉദ്ദേശത്തോടെ തിടുക്കത്തിൽ ജനറേറ്റർ വാങ്ങിയതിനാൽ ആയത് നാളിതുവരെ പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. സ്ഥാപനവുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല. ജനറേറ്ററിന്റെ വാറണ്ടി 25.09.2016 അവസാനിച്ചു. ജനറേറ്റർ ഇതുവരെ സ്ഥാപിക്കുവാൻ കഴിയാത്തതിനാൽ വാറണ്ടി ആനുകൂല്യം നഷ്ടമായിരിക്കുന്നു.

21.06.2013 ലെ ജി.ഒ.(പി) 3/2013/ എസ്.പി.ഡി. ഉത്തരവ് പ്രകാരമുള്ള സ്റ്റോർ പർച്ചേസ് മാനുവലിലെ അദ്ധ്യയം 9 ഖണ്ഡിക 2 ലെ നിർദ്ദേശപ്രകാരം സ്ഥാപനത്തിൽ ടെണ്ടർ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ഒരു രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

സംസ്ഥാന സ്റ്റോർ പർച്ചേസ് വകുപ്പിന്റെ 28-10-2013 ലെ 2508/ബി2/2013 നമ്പർ സർക്കുലർ പ്രകാരം

ആദ്യ ടെണ്ടറിൽ സിംഗിൾ ടെണ്ടർ അംഗീകരിക്കുവാൻ പാടില്ലായെന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ജനറേറ്റർ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ലഭിച്ച സിംഗിൾ ടെണ്ടർ അംഗീകരിച്ച് വാങ്ങൽ നടത്തിയിരിക്കുന്നു. ഇത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി നൽകിയ മറുപടിയിൽ, പരിമിതമായ കമ്പനികൾ മാത്രമാണ് ജനറേറ്റർ സപ്ലൈ ചെയ്യുന്നത്, ഇതിൽ ഹോണ്ട കമ്പനിയുടെ ജനറേറ്റർ പൊതുവെ സ്വീകാര്യമുള്ളതാണ് എന്നതിനാലാണ് സിങ്കിൾ ടെണ്ടർ അംഗീകരിച്ചിട്ടുള്ളത് എന്നും പഞ്ചായത്തിൽ ജനറേറ്റർ ഇൻസ്റ്റാൾ ചെയ്ത് നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നതുമാണ് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വേളയിൽ നടത്തിയ പരിശോധനയിൽ നാളിതുവരെ ജനറേറ്റർ നിലവിലുള്ള വൈദ്യുതി സംവിധാനത്തിലേക്ക് കണക്ട് ചെയ്യുന്നതിനാവശ്യമായ ചെയ്ഞ്ച് ഓവർ സ്വിച്ച്, പാനൽ ബോർഡ് ഉടങ്ങിയവ സ്ഥാപിച്ചിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. ജനറേറ്റർ കേവലം ഒരു പവർ പ്ലഗ്ഗിലേക്ക് കണക്ട് ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം ജനറേറ്റർ പ്രവർത്തിപ്പിക്കുന്നത് ഉപകരണങ്ങൾക്ക് കേടുപാടുകൾ ഉണ്ടാവുന്നതിന് കാരണമാവുന്നതുമാണ്. ഈ സാഹചര്യത്തിൽ ലഭിച്ച മറുപടി അംഗീകരിക്കാവുന്നതല്ല. നടപടിക്രമം പാലിക്കാതെ ജനറേറ്റർ വാങ്ങലിനായി നടത്തിയ ചെലവ് ₹179900/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 എസ്.എസ്.എ.വിഹിതം ഒടുക്കിയതിന് വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | S0067/16, എസ്.എസ്.എ. വിഹിതം നൽകൽ |
| അടങ്കൽ | ₹173425/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എച്ച്.എം.ജി.യു.പി.എസ്., നെടുമറ്റം |
| ബിൽ നം. | 01/15-16, തീ. 12.11.15, ₹ 173425/- |

2015-16 വർഷം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ സ്കൂളുകളിൽ നടപ്പാക്കുന്ന വിവിധ പദ്ധതികൾക്കായി വിശദമായ ഇനം തിരിച്ചുള്ള പ്രോപ്പോസലിന്മേൽ മുകളിൽ സൂചിപ്പിച്ച ബിൽ പ്രകാരം പിൻവലിച്ച ₹173425/- എസ്.എസ്.എ. ഇടുക്കി ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ നൽകിയ തുക ചെലവഴിച്ചതിന്റെ യാതൊരു വിവരവും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള വിശദമായ വിനിയോഗ വിവരം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 സർക്കാർ നിബന്ധന പാലിക്കാതെ പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങിയിരിക്കുന്നു

| | |
|---|---|
| പ്രോജക്ട് | S0017/16, പി.എച്ച്.സി. മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹80000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്. സി.കോടിക്കുളം |

കോടിക്കുളം പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങുന്നതിന് ഏറ്റെടുത്ത പ്രോജക്ടിൽ ₹80000/- വകയിരുത്തി ചെലവഴിച്ചിട്ടുണ്ടെങ്കിലും താഴെ പറയും പ്രകാരം ₹15000/- അധികരിക്കാത്ത തരത്തിൽ ക്വട്ടേഷൻ ക്ഷണിക്കാതെ സർക്കാർ ഇതര സ്ഥാപനത്തിൽ നിന്നും തവണകളായി മരുന്ന് നേരിട്ട് വാങ്ങിയിരിക്കുന്നു. വാങ്ങൽ പ്രക്രിയ ലഘൂകരിക്കുന്നതിനായി ആകെ തുക വിഭജിച്ച് വാങ്ങൽ നടത്താൻ പാടില്ല എന്ന് 21.06.2013 ലെ ജി.ഒ.(പി)3/2013/ എസ്.പി.ഡി. ഉത്തരവ് പ്രകാരമുള്ള സ്റ്റോർ പർച്ചേസ് മാനുവലിലെ അദ്ധ്യായം 7 ഖണ്ഡിക 2 ലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ഇപ്രകാരം വാങ്ങൽ നടത്തിയത് ശരിയായ നടപടിയല്ല. സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്. ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./ തീയതി | തുക |
|---|---|---|
| 1 | 02/15-16/ 17.11.2015 | 14768 |
| 2 | 03/15-16/ 17.11.2015 | 12340 |
| 3 | 05/15-16/ 22.12.2015 | 14998 |
| 4 | 06/15-16/ 22.12.2015 | 7271 |
| 5 | 07/15-16/ 22.12.2015 | 14999 |
| 6 | 08/15-16/ 28.01.2016 | 9595 |
| 7 | 15/15-16/ 29.02.2016 | 6029 |
| | ആകെ | 80000 |

സർക്കാർ നിർദ്ദേശം പാലിക്കാതെ നടത്തിയ ₹80000/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 മീഡിയാശ്രീക്ക് തുക നൽകിയത് - പദ്ധതി പൂർത്തീകരിച്ചിട്ടില്ല. ₹65000/- ന്റെ ചെലവ് തടസ്സം

| | |
|---|---|
| നിർവ്വഹണം | ഗ്രാമസേവകൻ |
| പദ്ധതി നം | 64/2016 |
| പദ്ധതി | മീഡിയാശ്രീക്ക് പഞ്ചായത്ത് വിഹിതം നൽകൽ |

| | |
|---|---|
| ബിൽ നം & തുക | 3/2015-16 തീ 24-07-2015 ₹15000/- |
| | 4/2015-16 തീ 24-07-2015 ₹50000/- |

ഗ്രാമപഞ്ചായത്തിന്റെ സംസ്കാരവും ചരിത്രവും വർത്തമാനങ്ങളും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടവും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിന്റെ പ്രവർത്തനങ്ങളുടെ ആവശ്യങ്ങൾക്കായി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 16.02.2015 ലെ സ.ഉ (സാധാ) 462/2015 ലെ നിർദ്ദേശാനുസരണം ₹65000/-(ഡി.ഡിനം 831415 തീ 25.07.2015 ₹15000, ഡി.ഡിനം 831407 തീ 25.07.2015 ₹50000) പ്രകാരം മീഡിയാശ്രീക്ക് നല്കുന്നതിനായി ഇടുക്കി ജില്ലാ കുടുംബശ്രീ മിഷന് കൈമാറിയിട്ടുണ്ട്. കുടുംബശ്രീ തുക മീഡിയാശ്രീക്ക് നൽകിയതിന്റെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് ഡോക്യുമെന്ററി പുറത്തിറക്കിയിട്ടില്ല. ആയതിനാൽ ₹65000/- ന്റെ ചെലവ് തടസ്സം ചെയ്യുന്നു. ഡോക്യുമെന്ററി അടങ്ങിയ സി.ഡി, പൂർത്തീകരണ സാക്ഷ്യപത്രം, വാല്യുവേഷൻ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

## 3-7 വെള്ളക്കരം അധിക തുക ഒടുക്കിയത്

കോടിക്കുളം ഗ്രാമപഞ്ചായത്തിൽ 11/2015 വരെ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം ₹38500/- (88 ടാപ്പുകൾക്ക്) നിരക്കിൽ ഒടുക്കിയതായി കാണുന്നു. എന്നാൽ 12/2015 മുതലുള്ള ഡിമാന്റ് നോട്ടീസ് പ്രകാരം 127 ടാപ്പുകൾക്ക് പ്രതിമാസം ₹55563/- ഡിമാന്റ് ചെയ്തിട്ടുണ്ട് . 12/15, 1/16 എന്നീ മാസങ്ങളിൽ ₹55563/- നിരക്കിൽ തുക വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. 1.6.2016 ൽ നടത്തിയ ജോയിന്റ് വേരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ 99 ടാപ്പുകളെ പ്രവർത്തന ക്ഷമമായുള്ളുവെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 11/2015 വരെയുണ്ടായിരുന്ന 88 ടാപ്പുകളിൽ നിന്നും 127 ടാപ്പുകളുടെ വെള്ളക്കരം വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുവാനുണ്ടായ കാരണം വ്യക്തമാക്കിയിട്ടില്ല. 2/16 മുതൽ 7/16 വരെയുള്ള തുക ₹259878/- (പ്രതിമാസം ₹43313/- നിരക്കിൽ ചെക്ക് നം 0524738/29.7.2016 ₹259878/-) ഒടുക്കിയിട്ടുണ്ട്. നിലവിൽ പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 12/15 , 1/16 എന്നീ മാസങ്ങളിൽ പ്രതിമാസം ₹55563/- നിരക്കിൽ വെള്ളക്കരം ഒടുക്കിയത് അംഗീകരിക്കുന്നില്ല. അധികമൊടുക്കിയ തുക തിരികെ ഈടാക്കുവാൻ നടപടി സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അധികമായി ഒടുക്കിയ ₹24500/- വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കുകയോ വരും മാസങ്ങളിലെ വെള്ളക്കരത്തിൽ അഡ്ജസ്റ്റു ചെയ്യുകയോ ചെയ്യേണ്ടതാണ്. അധികമായി ഒടുക്കിയ ₹24500/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 ഔദ്യോഗിക കൈപ്പറ്റ് രസീത് ലഭ്യമാക്കാത്തത്

താഴെ പറയുന്ന ബില്ലുകൾ പ്രകാരം വിവിധ പത്രങ്ങളിൽ ടെണ്ടർ പരസ്യം നല്കിയതിന് ചെലവഴിച്ച തുകകളുടെ ഔദ്യോഗിക കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹12400/-ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ബിൽനം | തുക | ചെലവിനം |
|---|---|---|
| 212/2015/31.7.2015 | 4400 | മാതൃഭൂമി ,കോട്ടയത്തിനു നല്കിയത് |
| 316/2015/26.9.2015 | 3600 | മംഗളം പബ്ലിക്കേഷൻസിനു നല്കിയത് |
| 471/2015/17.12.2015 | 4400 | മാതൃഭൂമി ,കോട്ടയത്തിനു നല്കിയത് |
| ആകെ | 12400 | |

## 3-9 പഞ്ചായത്ത് വക കളിസ്ഥലം അനധികൃതമായി കയ്യേറിയിരിക്കുന്നു

കൊടുവേലിയിലുള്ള പഞ്ചായത്ത് വക 20 ആർ കളിസ്ഥലം (ആസ്തി രജിസ്റ്റർ-പേജ് 14) സമീപത്തുള്ള പള്ളിയുടെ പാർക്കിങ് ഗ്രൗണ്ടായി ഉപയോഗിക്കുന്നതായും പ്രസ്തുത സ്ഥലത്തു കൂടെ സമീപവാസി വാഹന ഗതാഗതത്തിനുപയുക്തമായ റോഡ് നിർമ്മിച്ചിട്ടുള്ളതായും കാണപ്പെട്ടു. ഈ കൈയേറ്റങ്ങൾ അടിയന്തിരമായി ഒഴിപ്പിച്ച് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതും വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് നൽകിയ ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത്

ഇല്ല

## 4-4 വായ്പ / വായ്പതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 34 | 1999-2000 | IV-25 | ഏഴല്ലൂർ ഹരിജൻ കോളനി ശുദ്ധജല വിതരണത്തിനായി സാധനങ്ങൾ വാങ്ങിയതിൽ അപാകതകൾ | -- |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 18596117 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 23526214 |
| വരവിനങ്ങളിലുള്ള നഷ്ടം | 600 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 617725 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 2-1 | 600 | | ശ്രീ.ജോസഫ് സെബാസ്റ്റ്യൻ, സെക്രട്ടറി |
| 3-2 | | 4500 | ശ്രീ.ജോസഫ് സെബാസ്റ്റ്യൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 82500 | ശ്രീ. ജോസഫ് സെബാസ്റ്റ്യൻ, സെക്രട്ടറി |
| 3-3 | 179900 | ശ്രീ.ജോസഫ് സെബാസ്റ്റ്യൻ, സെക്രട്ടറി |
| 3-4 | 173425 | ശ്രീ.വി.പി. പുരുഷോത്തമൻ, ഹെഡ് മാസ്റ്റർ |
| 3-5 | 80000 | ഡോ.വിജീഷ വിജയൻ, മെഡിക്കൽ ഓഫീസർ, |
| 3-6 | 65000 | ശ്രീ.ജോസഫ് സെബാസ്റ്റ്യൻ, സെക്രട്ടറി |
| 3-7 | 24500 | ശ്രീ.ജോസഫ് സെബാസ്റ്റ്യൻ, സെക്രട്ടറി |
| 3-8 | 12400 | ശ്രീ.ജോസഫ് സെബാസ്റ്റ്യൻ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവര

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജോസഫ് സെബാസ്റ്റ്യൻ, സെക്രട്ടറി | സെക്രട്ടറി കോടിക്കുളം ഗ്രാമപഞ്ചായത്ത് | കളപ്പുരയ്ക്കൽ, കോടിക്കുളം |

## 4-9 ഈ വകുപ്പിൽ നിന്നും അവസാനമായി പുറപ്പെടുവിച്ച / തീർപ്പാക്കാത്ത

## കത്തിടപാടിന്റെ വിവരം/ തടസ്സങ്ങൾ

| ഓഡിറ്റ് വർഷം | കത്തിടപാടിന്റെ വിവരം |
|---|---|
| 1976-77 | എൽ.എഫ്.ഐ.-6-583/96/21-10-96 |
| 1981-82 | എൽ.എഫ്.ഐ.-6-583/9/21-10-96 |
| 1982-83 | എൽ.എഫ്.ഐ.-6-583/96/21-10-96 |
| 1983-84 | എൽ.എഫ്.ഐ- 6-583/96/21-10-96 |
| 1984-85 | എൽ.എഫ്.ഐ.- 6-583/96/21-10-96 |
| 1987-88 | എൽ.എഫ്.ഐ.-7-564/92/17-07-1992 |
| 1988-89& 1989-90 | എൽ.എഫ്.ഐ.-7-880/93/17-06-1993 |
| 1990-91& 1991-92 | എൽ.എഫ്.ഐ.-7-379/94/10-11-1994 |
| 1992-93 | എൽ.എഫ്.ഐ.-7- 288/95/22-04-1996 |
| 1993-94 & 1994-95 | എൽ.എഫ്.ഐ.-7- 426/97/09-02-1998 |
| 1995-96 | എൽ.എഫ്.ഐ.-7-476/99/20--11-1998 |
| 1996-97 | എൽ.എഫ്.ഐ.-7-492/99/10-02-1999 |
| 1997-98 | എൽ.എഫ്.ഐ.-7-725/99/20-04-2000 |
| 1998-99 | എൽ.എഫ്.ഐ.-7-437/01/03-11-2001 |
| 1999-2000 | എൽ.എഫ്.ഐ.-7-254/02/04-07-2002 |

| | |
|---|---|
| 2000-01 | എൽ.എഫ്.ഐ.-7-124/07/17-03-2003 |
| 2001-02 | എൽ.എഫ്.ഐ.-9-16/05/25-08-2005 |
| 2002-03 | എൽ.എഫ്.ഐ.-9-24/06/06-05-2006 |
| 2003-04 | എൽ.എഫ്.ഐ.-9-578/06/27-11-2006 |
| 2004-05 | എൽ.എഫ്.ഐ.-9-600/08/18-06-2008 |
| 2005-06 | എൽ.എഫ്.ഐ.-9-1108/09/01-10-2009 |
| 2006-07 | എൽ.എഫ്.ഐ.-9-165/10/03-01-2011 |
| 2007-08 | എൽ.എഫ്.ഐ.-14-207/11/15-10-2011 |
| 2008-09 | എൽ.എഫ്.ഐ.-14-236/12/06-08-2012 |
| 2009-10 | എൽ.എഫ്.ഐ.-14-1360/12/07-03-2013 |
| 2010-11 | എൽ.എഫ്.ഐ.-14-463/13/19-08-2013 |
| 2011-12 | എൽ.എഫ്.ഐ.-14-237/14/03-06-2014. |
| 2012-13&13-14 | എൽ.എഫ്.ഐ. 10/421/2015/തീയതി 14.07.2015 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ.-10/814/2016/22.6.2016 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.ഐ.ഡി.കെ 10/1710 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
തീയതി : 07.01.2017

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 -ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി

ഡയറക്ടർ

KSAIDK/10/1710/2016

Kerala State Audit Department
District Audit Office
Idukki, Thodupuzha
Dated: 07.01.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of KODIKULAM Grama Panchayat in Idukki District for the year ended on 31.3.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994 ,the rules made there under and the guidelines issued by the Comptroller and Auditor General of India for purpose of audit of accounts of Panchayat Raj Institution.

In my opinion, the Financial Statements of KODIKULAM Grama Panchayat for the year 2015-16 except observations in my Audit Report properly presents the picture of income & expenditure.

DEPUTY DIRECTOR